പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2900.

20.03.2015 ൽ മറുപടിക്ക്

**സപ്ലൈക്കോയിൽ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് കരാർ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ :** | | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സപ്ലൈക്കോയിൽ കടുക്, ജീരകം, ഉലുവ എന്നീ സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് സ്വകാര്യ കമ്പനിയ്ക്ക് കരാർ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 100 ഗ്രാം കടുക്, 100 ഗ്രാം ജീരകം, 100ഗ്രാം ഉലുവ എന്നിവ പായ്ക്ക് ചെയ്യുന്നതിന് നല്കുന്ന തുക എത്ര വീതം; ഇതേ സാധനങ്ങൾ സപ്ലൈക്കോയിലെ തൊഴിലാളികൾ പായ്ക്ക് ചെയ്യുന്നതിന് നല്കുന്ന കൂലി എത്ര; | (എ) | കടുക്, ജീരകം, ഉലുവ എന്നീ സാധനങ്ങൾ ശബരി ബ്രാന്റിൽ പായ്ക്ക് ചെയ്ത് 56 ഡിപ്പോകളിൽ എത്തിക്കുന്നതിന് ടെണ്ടർ പ്രകാരം കരാർ നല്കിയിട്ടുണ്ട്. 100 ഗ്രാം കടുക്, ജീരകം, ഉലുവ എന്നിവ ഡിപ്പോകളിൽ എത്തിക്കുന്നതിന് ക്ലീനിംഗ് ചാർജ്, പായ്ക്കിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, കവറിന്റെ വില എന്നിവ ഉൾപ്പെടെ 1.90 രൂപയാണ് നല്കുന്നത്. വളരെവേഗം യന്ത്രവൽക്കൃത മാർഗ്ഗങ്ങളിലൂടെയാണ് ഇവ പായ്ക്ക് ചെയ്യുന്നത്. കൂടാതെ സപ്ലൈകോ നല്കുന്ന ഡിസൈൻ പ്രകാരമുള്ള കവർ തയ്യാറാക്കുന്നതിനാവശ്യമായ സിലണ്ടർ നിർമ്മാണച്ചെലവും കരാറുകാരൻ വഹിക്കുന്നു. സപ്ലൈകോയിലെ പായ്ക്കിംഗ് തൊഴിലാളികൾക്ക് പായ്ക്ക് ചെയ്യുന്നതിനുമാത്രം 50 പൈസയാണ് നല്കുന്നത്. |
| (ബി) തൊഴിലാളികൾ ആവശ്യപ്പെട്ട കൂലി എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കൂലി ആവശ്യപ്പെട്ടിട്ടില്ല. |
| (സി) സ്വകാര്യ കമ്പനിക്ക് വർക്ക് ഓർഡർ നല്കുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ; | (സി) | സപ്ലൈകോ കടുക്, ജീരകം, ഉലുവ എന്നിവ ടെണ്ടറിലൂടെ മൊത്തമായി വാങ്ങി ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തിവരുമ്പോൾതന്നെ മറ്റ് അനേകം കമ്പനികൾ ഇതേ സാധനങ്ങൾ |

പായ്ക്ക്ചെയ്ത് കൂടുതൽ ആകർഷണീയ മാക്കി കൂടുതൽ വിലയ്ക്ക് വിറ്റുവരുന്നത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ശബരി ബ്രാന്റിൽ ഇവ പായ്ക്ക് ചെയ്ത് വിതരണം ചെയ്യുവാൻ തീരുമാനിച്ചത്. ഇ-ടെണ്ടർ വഴിയാണ് കരാറുകാരനെ തെരഞ്ഞെടുക്കുന്നത്.

(ഡി) സ്വകാര്യ കമ്പനിയ്ക്കക്ക് പ്രസ്തുത വർക്ക് ഓർഡർ നല്കിയതുമൂലം സപ്ലൈക്കോയ്ക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ;വിശദമാക്കുമോ ?

(ഡി) പായ്ക്കിംഗ് കരാർ നല്കിയതുമൂലം സപ്ലൈകോയ്ക്ക് നഷ്ടമൊന്നും ഉണ്ടായി ട്ടില്ല. പായ്ക്ക് ചെയ്ത കടുക്, ജീരകം, ഉലുവ മുതലായവയ്ക്ക് ഉപഭോക്താ ക്കളിൽ നിന്നും നല്ല ഡിമാന്റാണ് ലഭിക്കുന്നത്.

Beena

സെക്ഷൻ ഓഫീസർ